(ബി) ശുദ്ധീകരണശാലയുടെ പണികൂടി പൂർത്തീകരിച്ചശേഷമേ പദ്ധതി കമ്മീഷൻ ചെയ്യുവാൻ കഴിയുകയുള്ളു.

മലപ്പുറം ജില്ലയിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പദ്ധതികൾ

47 [1025] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ ഈ വർഷം പുതിയ പദ്ധതികൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വ്യക്തമാക്കാമോ;

(സി) മഞ്ചേരി മണ്ഡലത്തിൽ തോട്ടുപൊയിൽ പ്രദേശത്ത് ഏതെങ്കിലും പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

ചേർപ്പ് നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

48 [1026] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പാറളം ശുദ്ധജല വിതരണ പദ്ധതി എന്നാണ് ആരംഭിച്ചത്; പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഇത് എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്ത് പ്രത്യേക പദ്ധതി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അത് തുടങ്ങുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) കുർക്കഞ്ചേരി മേഖലയിലെ ശുദ്ധജല വിതരണ ക്ഷാമം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ വിശദവിവരങ്ങൾ:

1. ചേവൂരിനും മരത്താക്കരക്കും വേണ്ടിയുള്ള ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതി . (എസ്റ്റിമേറ്റ് തുക 510.7 ലക്ഷം രൂപ)

2. ഊരകത്തിനും സമീപ വില്ലേജുകൾക്കുംവേണ്ടി എൽ.ഐ.സി. സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതി. (എസ്റ്റിമേറ്റ് തുക 485 ലക്ഷം രൂപ)

LIBRARY ARCHIVES Kerala Legislative Assembly

3. അവിണിശ്ശേരി പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്കായി എ.ആർ.പി./എൻ.സി./പി.സി.-യിൽപ്പെടുത്തിയിട്ടുള്ള രണ്ട് പദ്ധതികൾ. (1. എസ്റ്റിമേറ്റ് തുക 60 ലക്ഷം രൂപ) (2. എസ്റ്റിമേറ്റ് തുക 76 ലക്ഷം രൂപ)

4. ചാഴൂർ, താന്ന്യം പഞ്ചായത്തുകൾക്കുവേണ്ടി എ.ആർ.പി.-എൻ.സി./പി.സി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി (എസ്റ്റിമേറ്റ് തുക 43 ലക്ഷം രൂപ)

5. പാറളം പഞ്ചായത്തിനു വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി. (എസ്റ്റിമേറ്റ് തുക 270 ലക്ഷം രൂപ)

(ബി) പാറളം ശുദ്ധജല വിതരണ പദ്ധതിയുടെ പണികൾ 1998-ലാണ് ആരംഭിച്ചത്. ഈ പദ്ധതിയുടെ കിണർ, ശുദ്ധീകരണശാല, സംഭരണി, വിതരണ ശൃംഖല എന്നീ ഘടകങ്ങളുടെ പണികൾ പൂർത്തിയായിട്ടുണ്ട്. പമ്പിംഗ് മെയിൻ ഇടുന്നതിനുള്ള ടെണ്ടർ (റീ ടെണ്ടർ) പരിശോധനാ ഘട്ടത്തിലാണ്. ഈ പദ്ധതി 3/2005-ൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്തു മാത്രമായി പുതുതായി പ്രത്യേക പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ പീച്ചിയിൽ നിന്നും ഒരു പുതിയ ഗ്രാവിറ്റി മെയിൻ സ്ഥാപിച്ച് 20 എം.എൽ.ഡി. വെള്ളം കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്.

തൃശ്ശൂർ കോർപ്പറേഷനിൽപ്പെടുന്ന പഴയ ഒല്ലൂർ പഞ്ചായത്തിലേയ്ക്കായി എൽ.ഐ.സി.-യുടെ ധനസഹായത്തോടെ 960 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള ബൃഹത്തായ ഒരു പദ്ധതിയുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള, സ്രോതസ്സ്, ശുദ്ധീകരണശാല മുതലായ ഘടകങ്ങൾ ചേർപ്പ് നിയോജകമണ്ഡലത്തിലേക്കുള്ള പദ്ധതി, ഊരകത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി, ചേവൂർ, മരത്താക്കര വില്ലേജുകൾക്കുവേണ്ടിയുള്ള പദ്ധതി എന്നിവയുമായി സംയുക്തമായി നടപ്പിലാക്കി വരുന്നു.

(ഡി) കുർക്കഞ്ചേരി മേഖലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ നിലവിൽ രണ്ടു ഷിഫ്റ്റുകളുള്ള പമ്പ് ഹൗസിൽ മൂന്നാമതൊരു ഷിഫ്റ്റുകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാൽവുകൾ ക്രമീകരിച്ച് ജലവിതരണം ഉയർന്ന ഭാഗങ്ങളിലേക്ക് എത്തിക്കുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ട്. മാത്രമല്ല ഈ വർഷത്തെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പുതിയ കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്.

ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ

49 [1027] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എന്നാണ് ഈ പദ്ധതിക്ക് ആരംഭം കുറിച്ചതെന്നും എത്ര ഘട്ടങ്ങളിലായി പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് എന്നും ഏതെല്ലാം ഘട്ടങ്ങളിലെ പണിയാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly